**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1782** **29-07-2021 - ൽ മറുപടിയ്ക്ക്**

**ടെണ്ടർ സേവിംഗ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **Shri K N Balagopal** (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിലെ ടെണ്ടർ സേവിംഗ്സ് തുക വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | 04/08/2018 ലെ സ.ഉ(പി)നം.119/2018/ധന ഉത്തരവിന്റെ ഖണ്ഡിക 2.8 പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിയ്ക്കേണ്ടതാണ്. ഇപ്രകാരം ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതൽ പ്രാബല്യമുണ്ട്. അതായത് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18-ന്റെ കീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ്/ ടെണ്ടർ സേവിംഗ്സ് നിയോജകമണ്ഡല ആസ്തിവികസന പദ്ധതി 2018-19-ന്റെ കീഴിൽ പരിഗണിക്കാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (ബി) | ഈ തുക വിനിയോഗിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ടോ; | (ബി) | ടെണ്ടർ എക്സസ്/ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത വർഷം വിനിയോഗിക്കാനാണ് അനുമതിയുള്ളത്. ആയതിന് വിരുദ്ധമായി ടെണ്ടർ സേവിംഗ്സ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമല്ലാത്ത സാഹചര്യത്തിൽ ടി തുക വിനിയോഗിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| (സി) | എങ്കിൽ ഈ വ്യവസ്ഥ ഒഴിവാക്കി ബന്ധപ്പെട്ട കളക്ടറേറ്റുകളിൽ നിന്ന് അനുമതി ലഭ്യമാക്കാവുന്നതാണെന്ന നിർദ്ദേശം പുറപ്പെടുവിക്കുമോ? | (സി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ